# DIOCESE OF IRINJALAKUDA

Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : ijkbph@gmail.com

Date :...............................

മിശിഹായിൽ പ്രിയ സഹോദര വൈദികരെ, സ്നേഹമുള്ള സമർപ്പിതരെ, വാൽസല്യ സഹോദരങ്ങളേ,

കൊറോണ വൈറസ് ലോകമെമ്പാടും വ്യാപിക്കുന്നതോടൊപ്പം കേരളത്തിലും പ്രത്യേകിച്ച് നമ്മുടെ ജില്ലയിലും സ്ഥിരീകരിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഈ വൈറസിന്റെ വ്യാപനം തടയുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും മുൻകരുതൽ എടുക്കുകയും ജാഗ്രതയോടെ അതിവേഗം പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യണം.

പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ആരോഗ്യവകുപ്പും പോലീസ് അധികാരികളും നൽകുന്ന പൊതുനിർദ്ദേശങ്ങൾക്കനുസരിച്ചും കെ.സി.ബി.സി.യുടെ 18-03-2020 ന് നൽകപ്പെട്ട പ്രത്യേക സർക്കുലറിന്റെ അടിസ്ഥാനത്തിലും താഴെ പറയുന്ന നിർദ്ദേശങ്ങൾ (ഏപ്രിൽ 10,11,14,18 എന്നീ സർക്കുലറുകൾക്കു പുറമെ) ഇടവകജനങ്ങളെ അറിയിച്ച് ഏപ്രിൽ 03, വെള്ളിയാഴ്ചവരെ, കർശനമായി പാലിയ്ക്കുവാൻ ആഹ്വാനം ചെയ്യുന്നു:

1. കൊറോണ വൈറസിന്റെ വ്യാപനം ക്രമാതീതമായി വ്യാപിക്കുന്നതിനാൽ മാർച്ച് 21 ശനിയാഴ്ച മുതൽ ഏപ്രിൽ 3 വെള്ളിയാഴ്ചവരെ നമ്മുടെ രൂപതാതിർത്തിയിലെ ഇടവക ദൈവാലയങ്ങളിലും കുരിശുപള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും പൊതുജനപങ്കാളിത്തത്തോടുകൂടിയുള്ള വി. കുർബ്ബാന അർപ്പിക്കുവാൻ പാടുള്ളതല്ല. ഓശാന മുതലുള്ള വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളെക്കുറിച്ച് പിന്നീട് അറിയിക്കുന്നതാണ്.
2. പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ കാലഘട്ടത്തിലുള്ള ഞായറാഴ്ചകളിൽ വി. കുർബ്ബാനയിൽ പങ്കെടുക്കുവാനുള്ള തിരുസ്സഭ കൽപ്പിക്കുന്ന കടമയിൽ നിന്നും എല്ലാ ക്രൈസ്തവർക്കും ഒഴിവ് നൽകുന്നു.
3. മൃതസംസ്കാര ശുശ്രൂഷകൾ ജനപങ്കാളിത്തം കുറച്ച് ലളിതമായി നടത്തുന്നതിന് ശ്രദ്ധിക്കുമല്ലോ. മരണാനന്തര ശുശ്രൂഷകൾ വി. കുർബ്ബാന ഒഴിവാക്കി ഏറ്റവും ലളിതമായി പരേതരുടെ കുടുംബാംഗങ്ങൾക്കുവേണ്ടി മാത്രം നിറവേറ്റി കൊടുക്കേണ്ടതാണ്.
4. വി. കുർബ്ബാനയിൽ പങ്കെടുക്കുവാൻ സാധിക്കാത്ത ദിവസങ്ങളിൽ വി. കുർബ്ബാനയുടെ സമയത്ത് സ്വന്തം ഭവനങ്ങളിൽതന്നെ ജപമാല ചൊല്ലിയും 'കുരിശിന്റെ വഴി' നടത്തിയും കരുണക്കൊന്ത ചൊല്ലിയും പ്രാർത്ഥിക്കേണ്ടതാണ്.
5. ബൈബിൾ വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. 'പുതിയ നിയമം' മുഴുവനും പ്രാർത്ഥനാപൂർവ്വം ഒരു പ്രാവശ്യമെങ്കിലും വായിക്കുവാൻ ഈ കാലഘട്ടത്തിൽ അവസരം കണ്ടെത്തേണ്ടതാണ്.
6. വ്യക്തികളായി വന്ന് പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യം നൽകുവാൻ എല്ലാ ദൈവാലയങ്ങളും പതിവുപോലെ തുറന്നിടേണ്ടതാണ്. പള്ളിയിൽ വരുന്ന എല്ലാവരും പള്ളിയ്ക്ക് അക ത്തും പുറത്തും ഒരു മീറ്ററെങ്കിലും അകലം പാലിയ്ക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.
7. വി. കുർബ്ബാന ഓൺലൈനിലും, ടിവി ചാനലുകളിലും കാണുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഗുഡ്നെസ് ടിവിയിൽ രാവിലെ 6 മണിയ്ക്കും 9.30 നും, ശാലോം

IRINJALAKUDA-680 121 EPARCHIAL CURIA
340/20
20.03.20

# DIOCESE OF IRINJALAKUDA

Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : ijkbph@gmail.com


Date :.......................................

ടിവിയിൽ രാവിലെ 6.30 നും ഷക്കെന ടിവിയിൽ ഇടദിവസങ്ങളിൽ രാവിലെ 6.45 നും, ഞായറാഴ്ചകളിൽ രാവിലെ 7.00 മണിക്കും രൂപതയുടെ ക്രിസ്തുദർശൻ കമ്മ്യൂണിക്കേഷന്റെ **online telecast/Youtube channel** ൽ രാവിലെ 9.00 മണിയ്ക്കും വി. കുർബ്ബാന കാണുന്നതിനുളള സൗകര്യം ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

8. സാധിക്കുന്ന എല്ലാ സന്യാസഭവനങ്ങളിലും പൊതുജനപങ്കാളിത്തം ഒഴിവാക്കി വി. കുർബ്ബാന എഴുന്നള്ളിച്ചുവച്ച് ആരാധന നടത്തി കൊറോണ വൈറസ് ബാധയിൽ നിന്ന് ലോകജനതയെ രക്ഷിക്കുവാൻ എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതാണ്.
9. കെ.സി.ബി.സി. യുടെ നിർദ്ദേശമനുസരിച്ച് 2020 മാർച്ച് 27-ാം തിയ്യതി നമ്മുടെ രൂപതയിലും പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്. അന്നേദിവസം ഒരുനേരമെങ്കിലും ഭക്ഷണം ഒഴിവാക്കി ഉപവാസമനുഷ്ഠിക്കുന്നത് നന്നായിരിക്കും.
10. കൊറോണ വൈറസിന്റെ ഭീതി മൂലം നിരീക്ഷണത്തിൽ കഴിയുന്നവരേയും ദൈനംദിന കാര്യങ്ങൾക്ക് സാമ്പത്തികമായി ബുദ്ധിമുട്ടുളളവരേയും വിദേശത്ത് നിന്ന് വന്ന് പുറത്തിറങ്ങുവാൻ സാധിക്കാതെ വീടുകളിൽ കഴിയുന്നവരേയും മറ്റുവിധത്തിൽ ബുദ്ധി മുട്ടുന്നവരേയും ഒറ്റപ്പെട്ടുകഴിയുന്നവരേയും ക്രൈസ്തവ ചൈതന്യത്തിൽ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും കുടുംബകൂട്ടായ്മകളും നേതൃത്വം നൽകി സഹായിക്കേ ണ്ടതാണ്. അതൊടൊപ്പം കൊറോണ വൈറസ് വ്യാപിക്കാതിരിക്കുവാൻ ആവശ്യമായ ബോധവൽക്കരണവും മുൻകരുതലും ജാഗ്രതയും പുലർത്തുവാൻ നിർദ്ദേശം നൽകുമല്ലോ

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാനും അതുവഴി കൊറോണ വൈറസിന്റെ വ്യാപനം നമ്മുടെ സമൂഹങ്ങളിൽ തടയുന്നതിനും നമുക്ക് മുൻകരുതലുകൾ എടുക്കാം. ഭീതിയല്ല ജാഗ്രതയും പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളും ആണ് വേണ്ടത്. നിങ്ങളുടെ കുടുംബ പ്രാർത്ഥനകളിൽ ഈ നിയോഗത്തിനായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണം. നമ്മുടെ ഭവനങ്ങൾ ദൈവാലയങ്ങളായി മാറണം. അവിടെ നിരന്തരം തിരുവചനവും പ്രാർത്ഥനകളും ഉയരണം. മാതാപിതാക്കൾ ദൈവവചനം പങ്കുവച്ച് നൽകുന്നതിനും പ്രാർത്ഥിക്കുന്നതിനും നേതൃത്വം നൽകണം.

യേശുവിൽ സ്നേഹപൂർവ്വം,

+ Pauly Kannookadan

EPARCHIAL CURIA IRINJALAKUDA-680 121
340/20
20.03.20

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

ഇരിങ്ങാലക്കുട
രൂപതാഭവനം